(ബി) ഓംബുഡ്സ്മാൻ നഗരസഭയ്ക്ക് നൽകിയ നിർദ്ദേശങ്ങളിൽ ടൗൺപ്ലാനിംഗ്, പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്നിവ നിറവേറ്റുകയും കൂടുതൽ സമയം ആവശ്യമുള്ളതും ഓംബുഡ്സ്മാൻ അപ്രകാരം അനുവദിക്കുകയും ചെയ്തിട്ടുള്ളതുമായ എഞ്ചിനീയറിംഗ് നിർമ്മാണപരമായ കാര്യങ്ങളിൽ നിർവ്വഹണ നടപടികൾ എടുത്തു വരുന്നതുമാണ്.

സ്വയം സഹായ സംഘങ്ങൾ

116 [891] ശ്രീ. ഷിബു ബേബിജോൺ :

" ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളെ കണ്ടെത്തി അവർക്ക് മുന്നേറുവാൻ കഴിയുന്നതരത്തിൽ കൂടുതൽ ഉദാരവും പ്രോത്സാഹജനകവുമായ സഹായങ്ങൾ നൽകാൻ നപടികൾ സ്വീകരിക്കുമോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗ്രാമവികസന വകുപ്പിന്റെ നിയന്ത്രണത്തിൽ നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത സ്വയം തൊഴിൽ പദ്ധതിയായ സ്വർണ്ണ ജയന്തി ഗ്രാമ സ്വറോസ്ഗാർ യോജന (എസ്.ജി.എസ്.വൈ.) പ്രകാരം സ്വയം സഹായ സംഘങ്ങളുടെ ശാക്തീകരണത്തിനും ചെറുകിട തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുംവേണ്ട സഹായങ്ങൾ നൽകിവരുന്നുണ്ട്.

(ബി) എസ്.ജി.എസ്.വൈ. പദ്ധതി പ്രകാരം ഈ പദ്ധതിയുടെ ആരംഭം മുതൽ നാളിതുവരെ 11332 സ്വയം സഹായ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് സഹായവും 5332 സ്വയം സഹായ സംഘങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ബാങ്ക് വായ്പയും സബ്സിഡിയും നൽകിയിട്ടുണ്ട്.

കുടുംബശ്രീ പദ്ധതി

117 [893] ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997-2001 കാലഘട്ടത്തിൽ കുടുംബശ്രീ പദ്ധതി എത്ര പഞ്ചായത്തുകളിൽ നടപ്പിലാക്കിയിരുന്നു;

(ബി) 2001-04 കാലഘട്ടത്തിൽ എത്ര കാലംകൊണ്ട് ബാക്കിയുണ്ടായിരുന്ന പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കി;

ചോദ്യം നമ്പർ (892)-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) കുടുംബശ്രീ പദ്ധതിയിൽ എത്ര ദരിദ്ര്യ കുടുംബങ്ങൾ അംഗങ്ങളായിട്ടുണ്ട്;

(ഡി) എത്ര സി.ഡി.എസ്.-കൾ പ്രവർത്തിക്കുന്നു എത്ര എ.ഡി.എസ്.-കൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്ത് ആകെ എത്ര അയൽക്കൂട്ടങ്ങളുണ്ട്;

(എഫ്) എത്ര തുക ത്രിഫ്റ്റായി ശേഖരിച്ചിട്ടുണ്ട്; എത്ര തുക ലോണായി നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ജി) എത്ര മൈക്രോ സംരംഭങ്ങൾ ഇപ്പോൾ നിലവിലുണ്ട്;

(എച്ച്) എത്ര ട്രൈബൽ ജില്ലകളിൽ കുടുംബശ്രീ പദ്ധതി നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ;

(ഐ) ട്രൈബൽ ജില്ലകളിൽ എത്ര അയൽക്കൂട്ടങ്ങളുണ്ട്;

(ജെ) എത്ര കുടുംബങ്ങൾ അംഗങ്ങളായിട്ടുണ്ട്;

(കെ) കഴിഞ്ഞ ഗവൺമെന്റ് എന്തൊക്കെ പുതിയ സംരംഭങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 261 ഗ്രാമപഞ്ചായത്തുകളിൽ.

(ബി) 2001 സെപ്റ്റംബറിൽ 399 ഗ്രാമപഞ്ചായത്തുകളിലും 2002 മാർച്ചിൽ 291 ഗ്രാമ പഞ്ചായത്തുകളിലും ഈ പദ്ധതി നടപ്പാക്കി.

(സി) 3,098,011 കുടുംബങ്ങൾ.

(ഡി) 1050 സി.ഡി.എസ്.-കളും, 13924 എ.ഡി.എസ്.-കളും പ്രവർത്തിക്കുന്നു.

(ഇ) 151406 അയൽക്കൂട്ടങ്ങൾ ഉണ്ട്.

(എഫ്) 432,34,61,997 രൂപ ത്രിഫ്റ്റ് ആയി സമാഹരിച്ചിട്ടുണ്ട്. 874,78,10,782 രൂപ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.

(ജി) 28117 വ്യക്തിഗത സംരംഭങ്ങൾ ഇപ്പോൾ നിലവിലുണ്ട്.

(എച്ച്) വയനാട്ടിൽ നടപ്പാക്കിയിട്ടുണ്ട്.

(ഐ) കുടുംബശ്രീയിൽ ആകെ 2049 ട്രൈബൽ അയൽക്കൂട്ടങ്ങൾ ഉണ്ട്.

(ജെ) 24846 കുടുംബങ്ങൾ.

(കെ) ആശ്രയ, ഭവനശ്രീ, 50000 അഭ്യസ്ത വിദ്യരായ യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽ പദ്ധതി എന്നിവ ആവിഷ്ക്കരിച്ചു. ബാലസഭകൾ രൂപീകരിച്ച് ബാലസംഗമങ്ങൾ സംഘടിപ്പിച്ചു. ചലഞ്ച് ഫണ്ട്, ഇന്നവേഷൻ ഫണ്ട്, ടെക്നോളജി ഫണ്ട്, റിവോൾവിംഗ് ഫണ്ട് എന്നിവ ആവിഷ്ക്കരിക്കുന്നതിന് ഫണ്ട് വകയിരുത്തുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly